ഉത്തരം

(എ) പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ മറ്റു എല്ലാ ജില്ലകളിലും എക്സൈസ് ഗാർഡ് തസ്തികയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ആറ് (6) ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ആവശ്യമാണ്.

(ഇ ആന്റ് എഫ്) എക്സൈസ് ഗാർഡ് തസ്തിക പ്രിവന്റീവ് ആഫീസർ തസ്തികയായി മാറ്റിയിട്ടില്ല. മാറ്റുവാൻ ഉദ്ദേശ്യമില്ല. എന്നാൽ വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി രൂപീകരിച്ച എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിൽ ഓരോ ജില്ലയിലേയും 5 എക്സൈസ് ഗാർഡ് തസ്തിക പ്രിവന്റീവ് ആഫീസർ തസ്തികയായി ഉയർത്തിയിട്ടുണ്ട്.

മദ്യ നിരോധനത്തിന് നടപടി

119 [1922] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മൊത്തം എത്ര വിദേശ ചില്ലറ മദ്യവിൽപ്പന ശാലകൾ ആരംഭിച്ചു എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആരംഭിച്ച സ്ഥലവും ലൈസൻസിയുടെ പേരും ലഭ്യമാക്കുമോ;

(ഡി) ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്ന വാഗ്ദാനം നടപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 106 വിദേശ ചില്ലറ മദ്യവിൽപ്പന ശാലകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48 പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്ന വാഗ്ദാനം നടപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. കള്ള് ഷാപ്പുകളുടെ എണ്ണം കുറച്ചു.

2. കള്ള് ഷാപ്പുകൾ ഒഴികെയുള്ള മറ്റ് മദ്യഷാപ്പുകൾ അടച്ചിടുന്ന ദിവസങ്ങളുടെ എണ്ണം 4-ൽ നിന്ന് 16 ആയി വർദ്ധിപ്പിച്ചു.

3. പുതിയ ബാർ ലൈസൻസ് ത്രീസ്റ്റാർ സൗകര്യമോ അതിൽ കൂടുതൽ സൗകര്യമോ ഉള്ള ബാറുകൾക്ക് മാത്രമേ അനുവദിക്കുന്നുള്ളു.

4. വ്യാജമദ്യ നിർമ്മാണവും വിപണനവും തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

5. മദ്യവർജ്ജനത്തിന് ബോധവൽക്കരണം നടത്തുന്നുണ്ട്. മദ്യവിരുദ്ധ പ്രചരണരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നുണ്ട്.

6. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ പുതിയ വാഹനങ്ങളും തോക്കുകളും വയർലെസ് സെറ്റുകളും നൽകിയിട്ടുണ്ട്.

ബീവറേജസ് കോർപ്പറേഷന്റെ വില്പന ശാലകളിലെ ജീവനക്കാരുടെ നിയമനം

120 [1923] ശ്രീ. മത്തായി ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബീവറേജസ് കോർപ്പറേഷന്റെ എത്ര ചില്ലറ വിൽപന ശാലകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വിൽപ്പനശാലകളിലായി എത്ര സ്ഥിരജീവനക്കാരുണ്ട്;

(സി) ഇവിടെ താൽക്കാലികാടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഏതെല്ലാം ഡിപ്പോകളിൽ എന്ന് വെളിപ്പെടുത്താമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ ഈ നിയമനം നടത്തിയിരിക്കുന്നത്; അല്ലെങ്കിൽ ഈ നിയമനങ്ങളുടെ മാനദണ്ഡമെന്താണെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly